തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്ലാസ്റ്റിക് സർജറി വിഭാഗത്തെ വിഭജിക്കുവാൻ നടപടി

114 (3874) ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്ലാസ്റ്റിക് സർജറി വകുപ്പിന്റെ കാര്യക്ഷമത ഇല്ലായ്മയെക്കുറിച്ച് രോഗികളുടെയും ജനപ്രതിനിധികളുടെയും പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആവശ്യത്തിലധികം സ്റ്റാഫ് നിലവിൽ ഉള്ളപ്പോഴും, ഒറ്റ യൂണിറ്റായി പ്രവർത്തിക്കുന്നതുമൂലം പ്രസ്തുത യൂണിറ്റിൽ നിന്നും രോഗികൾക്ക് മതിയായ ചികിൽസ ലഭിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്ലാസ്റ്റിക് സർജറി വിഭാഗം മൂന്നോ, നാലോ യൂണിറ്റുകളായി വിഭജിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്ലാസ്റ്റിക് സർജറി വിഭാഗത്തിൽ ആവശ്യത്തിലധികം ഡോക്ടർമാർ ഇല്ല. ഒറ്റ യൂണിറ്റായി പ്രവർത്തിക്കുന്നതുമൂലം ചില പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടാറുണ്ട്.

(സി) പ്ലാസ്റ്റിക് സർജറി വിഭാഗം ഒന്നിൽ കൂടുതൽ യൂണിറ്റുകൾ ആക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു. ചർച്ചയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

പ്ലാസ്റ്റിക് സർജറി വിഭാഗം മേധാവിക്കെതിരെയുള്ള പരാതി

115 (3875) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്ലാസ്റ്റിക് സർജറി വിഭാഗം മേധാവിയെക്കുറിച്ചും പ്രസ്തുത വിഭാഗത്തിൽ നിന്നും രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ആരിൽനിന്നെങ്കിലും സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ആലപ്പുഴ ജില്ലയിൽപ്പെട്ട നൂറനാട്, പടനിലം, ഏലിയാസ് നഗറിൽ നിർമ്മല ഭവനം ശ്രീ. ക്ലമന്റിന്റെ മകളുടെ മൂച്ചിറി പ്ലാസ്റ്റിക് സർജറി ചെയ്യുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്ലാസ്റ്റിക് സർജറി വിഭാഗത്തിൽ നിന്നും നേരിടേണ്ടിവന്ന ദുരിതങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly